# കേരള സർവകലാശാല

നം. പി.ആർ.111/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### കമ്മ്യൂണിറ്റി ക്വോട്ട : റാങ്ക് ലിസ്റ്റ്

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വോട്ട വഴി യു.ജി (2016-17) പ്രവേശനത്തിന് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് ജൂൺ 30-ന് അതത് കോളേജുകളിൽ പ്രസിദ്ധീകരിക്കും.

### എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2015 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ/ ബി.കോം/ ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂൺ 27 മുതൽ ജൂലൈ രണ്ട് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയം ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവ സഹിതം ഹാജരാകണം.

### എം.ബി.എ പരീക്ഷ

കേരള സർവകലാശാല ജൂലൈ 25-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2009 സ്കീം - ഫുൾടൈം & പാർട്ട് ടൈം - റഗുലർ - ഈവനിംഗ്, യു.ഐ.എം - സപ്ലിമെന്ററി), ജൂലൈ 26-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.ബി.എ (2009 സ്കീം - ഫുൾടൈം & പാർട്ട് ടൈം - റഗുലർ (ഈവനിംഗ്) യു.ഐ.എം - സപ്ലിമെന്ററി) പരീക്ഷകൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ രണ്ട് (50 രൂപ പിഴയോടെ ജൂലൈ ഏഴ്, 250 രൂപ പിഴയോടെ ജൂലൈ എട്ട്) വരെയും

ആഗസ്റ്റ് 17-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.ബി.എ (2014 സ്കീം - ഫുൾടൈം, യു.ഐ.എം ഉൾപ്പെടെ - റഗുലർ (ഈവനിംഗ്) ട്രാവൽ ആൻഡ് ടൂറിസം) പരീക്ഷയ്ക്ക് ജൂൺ 29 മുതൽ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാം. പരിക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 12 (50 രൂപ പിഴയോടെ ജൂലൈ 14, 250 രൂപ പിഴയോടെ ജൂലൈ 16) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Notifications എന്ന ലിങ്കിൽ ലഭിക്കും.

### പേറ്റന്റ് ലോ : സായാഹ്ന ഡിപ്ലോമ

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പ് നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ പേറ്റന്റ് ലോ സായാഹ്ന ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : ഏതെങ്കിലും വിഷയത്തിൽ ബിരുദം. എട്ട് മാസം ദൈർഘ്യമുള്ള കോഴ്സിന്റെ ഫീസ് 3000/- രൂപ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. ഫോൺ 0471-2308936.

### പ്രോജക്ട് ഫെലോ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് പഠനവകുപ്പിൽ കേരള പരിസ്ഥിതി കാലാവസ്ഥ വകുപ്പിന്റെ സഹായത്തോടെ

നടപ്പിലാക്കുന്ന ഗവേഷണ പ്രോജക്ടിൽ പ്രോജക്ട് ഫെലോയുടെ താൽക്കാലിക ഒഴിവുണ്ട്. ജി.ഐ.എസ് പ്രവൃത്തി പരിചയത്തോടെയുള്ള പരിസ്ഥിതി ശാസ്ത്ര/ജീവശാസ്ത്ര വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ജി.ഐ.എസ് പി.ജി ഡിപ്ലോമ അഭിലഷണീയം. അപേക്ഷകർ വിശദമായ ബയോഡേറ്റ സഹിതം ഡോ. ബിജുകുമാർ, അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് പഠനവകുപ്പ്, കേരള സർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം - 695581 എന്ന വിലാസത്തിൽ ജൂലൈ അഞ്ചിനകം ലഭിക്കണം.

<u>ഫീമെയിൽ വാർഡൻ : അപേക്ഷ ക്ഷണിച്ചു</u>

കേരള സർവകലാശാല തൈക്കാട് സർവകലാശാല വിമൻസ് ഹോസ്റ്റലിൽ ഫീമെയിൽ വാർഡന്റെ ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ എട്ട്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ **(www.keralauniversity.ac.in)** **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
25.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ